(ഡി) ധനകാര്യ നിയമ ഭവന നിർമ്മാണ വകുപ്പിന്റെ ചുമതല വഹിക്കുന്നത് മുഖ്യമന്ത്രിയാണ്.

(ഇ) ഇക്കാര്യത്തിൽ തീരുമാനമായിട്ടില്ല.

(എഫ്) ഇക്കാര്യത്തിൽ തീരുമാനമായിട്ടില്ല.

സംസ്ഥാനത്തിന്റെ പൊതുകടവും ട്രഷറി നിക്ഷേപങ്ങളും

111 (117) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ സംസ്ഥാനത്തിന്റെ പൊതുകടം എത്ര കോടിയായിരുന്നു; അത് 2016 മാർച്ച് 31 ന് എത്രയായി വർദ്ധിച്ചു ; 2016-17 സാമ്പത്തിക വർഷം അവസാനിക്കുമ്പോൾ പൊതുകടം എത്രയായി വർദ്ധിക്കാൻ സാധ്യതയുള്ളതായി കണക്കാക്കുന്നു; വിശദമാക്കാമോ ;

(ബി) ഈ സർക്കാർ ആകെ എത്ര തവണ കടമെടുക്കുകയുണ്ടായി ;

(സി) സർക്കാർ കൊടുത്ത് തീർക്കാൻ ബാക്കിയുള്ള ട്രഷറി നിക്ഷേപങ്ങൾ എത്ര കോടിയാണെന്ന് വിശദമാക്കാമോ ; ട്രഷറി തിരിച്ചുനൽകേണ്ടതായ മൊത്തം നിക്ഷേപം എത്ര കോടിയാണ് വിശദമാക്കാമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ 31-3-2011-ൽ സംസ്ഥാനത്തിന്റെ പൊതുകടം 78673.24 കോടി രൂപയായിരുന്നു. 31-3-2015 ൽ സംസ്ഥാനത്തിന്റെ പൊതുകടം 135440.24 കോടി രൂപയായി വർദ്ധിച്ചിട്ടുണ്ട്. 2015-16, 2016-17 സാമ്പത്തിക വർഷങ്ങളിലെ പൊതുകടം സംബന്ധിച്ച വിശദാംശങ്ങൾ അക്കൗണ്ടന്റ് ജനറലിന്റെ കണക്കുകൾ ലഭ്യമാകുന്നമുറയ്ക്കേ വ്യക്തമാകുകയുള്ളൂ.

(ബി) കേന്ദ്ര സർക്കാർ സംസ്ഥാനത്തിന് നിശ്ചയിച്ച് നൽകിയിട്ടുള്ള വായ്പാ പരിധിക്കുള്ളിൽ നിന്നുകൊണ്ട് ആവശ്യാനുസരണം വായ്പയെടുക്കുകയാണ് ചെയ്യുന്നത്. ഈ സർക്കാർ അധികാരമേറ്റശേഷം ആഗസ്റ്റ് 2011 മുതൽ ഒക്ടോബർ 2015 വരെ കടപത്രംവഴി 62 തവണ വായ്പയെടുത്തിട്ടുണ്ട്.

(സി) സ്മോൾ സേവിംഗ്സ്, പ്രൊവിഡന്റ് ഫണ്ട് മുതലായ ഇനത്തിൽ 31-3-2015 വരെ 39307.28 കോടി രൂപ സർക്കാർ കൊടുത്തു തീർക്കാനുണ്ട്. ഇതിൽ 15899.66 കോടി രൂപ മറ്റ് സമ്പാദ്യ നിക്ഷേപ ഇനത്തിൽ കൊടുത്തു തീർക്കാനുള്ളതാണ്.

LIBRARY ARCHIVES Kerala Legislative Assembly